Std 9 Information Technology

യൂണിറ്റ് :3 ഗണിതകൌതുകങ്ങൾ

1. GeoGebra ഓപ്പൺ ചെയ്യുന്നതെങ്ങനെ ?

   Application → Education → GeoGebra

2. ഒരു ത്രികോണം നിർമ്മിക്കുന്നതെങ്ങനെ /

   അഞ്ചാം ഗ്രൂപ്പിലെ പോളിഗൺ ടൂൾ ഉപയോഗിച്ച് ത്രികോണം വരക്കുക

3. ത്രികോണത്തിന്റെ വശങ്ങളുടെ നീളം കണക്കാക്കുന്നതിനുള്ള ടൂൾ ഏത് ?

   എട്ടാം ഗ്രൂപ്പിലെ Distance or Length ( ഈ ടൂൾ സെലക്ട് ചെയ്ത് ത്രികോണത്തിന്റെ വശങ്ങളിൽ ക്ലിക്ക് ചെയ്യുക

4. ഉൾക്കോണുകളുടെ അളവ് കണക്കാക്കുന്നതിനുള്ള ടൂൾ ഏത് ?

   എട്ടാം ഗ്രൂപ്പിലെ Angle ( ഈ ടൂൾ സെലക്ട് ചെയ്ത് ത്രികോണത്തിന്റെ ക്രമാനുഗതമായ മൂന്ന് ശീർഷകങ്ങളിൽ Clock Wise ആയി Click ചെയ്യുക Anti Clock Wise ആയി Click ചെയ്താൽ പുറത്തെ കോണിന്റെ അളവാണ് ലഭിക്കുക

5. ത്രികോണത്തിന്റെ പരപ്പളവ് കാണുന്നതെങ്ങനെ ?

   എട്ടാം ഗ്രൂപ്പിലെ Area ടൂൾ ക്ലിക്ക് ചെയ്ത് ത്രികോണത്തിനുള്ളിൽ Clock Wise ആയി Click ക്ലിക്ക് ചെയ്യുക

6. ചതുർഭുജം , പഞ്ചഭുജം , ഷഡ്ഭുജം എന്നിവ വരക്കുന്നതെങ്ങനെ ?

   അഞ്ചാംഗ്രൂപ്പിലെ Polygon ടൂൾ എടുത്ത് ആവശ്യമായ വശങ്ങൾ നൽകി വരക്കുക

7. സമബഹുഭുജങ്ങൾ വരക്കുന്നതെങ്ങനെ ?

   അഞ്ചാംഗ്രൂപ്പിലെ Regular Polygon എന്ന ടൂൾ സെലക്ട് ചെയ്തശേഷം കാൻവാസിൽ രണ്ട് സ്ഥലങ്ങളിലായി ക്ലിക്ക് ചെയ്യുക .അപ്പോൾ Regular Polygon എന്ന വിൻഡോ വരും .അതിൽ Points എന്നതിനുതാഴെ ഒരു നിശ്ചിത അക്ക ടൈപ്പ് ചെയ്ത് Ok കൊടുക്കുക

   1,2 ഇവയിലേതെങ്കിലും അക്കങ്ങൾ കൊടുത്താൽ രേഖാഖണ്ഡമായിരിക്കും ലഭിക്കുക

   3 കൊടുത്താൽ ത്രികോണം

   4 കൊടുത്താൽ ചതുർഭുജം

   5 കൊടുത്താൽ പഞ്ചഭുജം

   6 കൊടുത്താൽ ഷഡ്ഭുജം

   കാൻവാസിൽ ക്ലിക്ക് ചെയ്ത് ഉണ്ടാകുന്ന രണ്ട് ബിന്ദുക്കളുടെ അകലം വ ർദ്ധിക്കുന്നതിനനുസരിച്ച് ലഭിക്കുന്ന രേഖയുടേയും പോളിഗണിന്റേയും വലുപ്പം കൂടുകയും ചെയ്യുന്നു. . അകലം കുറയുന്നതിനനുസരിച്ച് വലുപ്പം കുറയുന്നു .

8. ചതുർഭുജത്തിന്റെ നിറം മാറ്റുന്നതെങ്ങനെ ?

ഒന്നാം ഗ്രൂപ്പിലെ Move ടൂളിൽ ക്ലിക്ക് ചെയ്ത് Drag ചെയ്ത് ബഹുഭുജം സെലക്ട് ചെയ്യുക . Right Click ചെയ്യുമ്പോൾ Object Properties എന്ന വിൻഡോ വരും . അതിൽ color നു താഴെ യോജിച്ച നിറം സെലക്ട് ചെയ്യുക . വിൻഡോ ക്ലോസ് ചെയ്യുക

9. ചതുർഭുജത്തിന്റെ വശങ്ങളുടെ നീളം , ചുറ്റളവ് , പരപ്പളവ് എന്നിവ കണ്ടെത്തുന്നതെങ്ങനെ ?
   എട്ടാംഗ്രൂപ്പിലെ Distance or Length എന്ന ടൂൾ സെലക്ട് ചെയ്ത് ഓരോ വശങ്ങളിലും ക്ലിക്ക് ചെയ്താൽ അതിന്റെ നീളം ലഭിക്കും
   Distance or length എന്ന ടൂൾ സെലക്ട് ചെയ്ത് ബഹുഭുജക്ഷേത്രത്തിൽ ( ചതുർഭുജത്തിനുള്ളിൽ ) ക്ലിക്ക് ചെയ്താൽ ചുറ്റളവ് ലഭിക്കും
   Area ടൂൾ സെലക്ട് ചെയ്ത് ബഹുഭുജക്ഷേത്രത്തിൽ ക്ലിക്ക് ചെയ്താൽ പരപ്പളവ് ലഭിക്കും
10. സമബഹുഭുജങ്ങൾ എന്നാലെന്ത് ?
    ഒരു ബഹുഭുജത്തിന്റെ വശങ്ങളുടെ നീളം തുല്യമായാൽ അവയെ സമബഹുഭുജങ്ങൾ എന്നി വിളിക്കുന്നു
11. ഒരു സമബഹുഭുജത്തിന്റെ വശങ്ങളുടേയും കോണുകളുടേയും പ്രത്യേകതയെന്ത് ?
    വശങ്ങളുടെ നീളം തുല്യമാണ്
    കോണുകളുടെ അളവ് തുല്യമാണ്
12. ഒരു സമബഹുഭുജം വരച്ച് അതിന്റെ വശങ്ങളുടെ നീളം കൂട്ടണമെന്ന് തോന്നിയാൽ എന്തുചെയ്യും
    ഒന്നാം ഗ്രൂപ്പിലെ മൂവ് ടൂൾ സെലക്ട് ചെയ്ത് ബഹുഭുജത്തിന്റെ ശീർഷത്തിൽ ക്ലിക്ക് ചെയ്തുകൊണ്ട് Drag ചെയ്യുക
    1. അപ്പോൾ ഏതെല്ലാം ശീർഷങ്ങളാണ് ചലിക്കുന്നത് ?
       സമബഹുഭുജത്തിന്റെ എല്ലാ ശീർഷങ്ങളും
    2. വശങ്ങളുടെ വലുപ്പം കൂടിയപ്പോൾ കോണുകൾക്ക് എന്തുസംഭവിച്ചു?
       കോണുകളുടെ അളവിൽ മാറ്റമില്ല
    3. വശങ്ങളുടെ വലുപ്പം കുറച്ചപ്പോൾ കോണുകൾക്ക് എന്തുസംഭവിച്ചു?
       കോണുകളുടെ അളവിൽ മാറ്റമില്ല
13. വികർണ്ണം എന്നാലെന്ത് ?
    ഒരു ബഹുഭുജത്തിന്റെ ഒരു ശീർഷത്തിൽ നിന്നും മറ്റൊരു ശീർഷത്തിലേക്കുള്ള വരയാണ് വികർണ്ണം
14. ഒരു ചതുരത്തിന്റെ ഒരു ശീർഷത്തിൽ എതിർശീർഷത്തിലേക്ക് എത്ര വരകൾ വരക്കാം
    ഒന്ന്

15. ഒരു പഞ്ചഭുജത്തിന്റെ ഒരു ശീർഷത്തിൽ നിന്ന് എതിർശീർഷത്തിലേക്ക് എത്ര വരകൾ വരക്കാം
രണ്ട്
16. വശങ്ങളുടെ എണ്ണവും ഒരു ശീർഷത്തിൽനിന്നുള്ള വികർണ്ണങ്ങളുടെ എണ്ണവും തമ്മിലുള്ള ബന്ധമെന്ത് ?
വശങ്ങളുടെ എണ്ണം – 3 = വികർണ്ണങ്ങളുടെ എണ്ണം
17. ബഹുഭുജങ്ങളുടെ ശീർഷങ്ങളുടെ പേരുകൾ കാണുവാൻ എന്തുചെയ്യണം ?
ശീർഷങ്ങളിൽ Right Click ചെയ്താൽ ശീർഷത്തിന്റെ പേരുകാണാം . ഇത്തരത്തിൽ Right Click ചെയ്ത് Show Label എന്നതിൽ ടിക് മാർക്ക് കൊടുത്താൽ പ്രസ്തുത ലേബൽ അവിടെ വന്നിട്ടുണ്ടാകും
18. ശീർഷകങ്ങളുടെ പേരുകൾ മാറ്റുന്നതെങ്ങനെ ?
ശീർഷകത്തിൽ Right Click ചെയ്ത് Rename ൽ ക്ലിക്ക് ചെയ്യുക . അപ്പോൾ വരുന്ന Rename വിൻഡോയിൽ New Name for point എന്നതിനടിയിൽ അനുയോജ്യമായ പേര് ടൈപ്പ് ചെയ്ത് OK യിൽ ക്ലിക്ക് ചെയ്യുക
19. പേരിനു പകരം Move me ! എന്ന ക്യാപ്ഷൻ പ്രദർശിപ്പിക്കാനെന്തു ചെയ്യണം
ശീർഷകത്തിൽ Right Click ചെയ്ത് Object Properties ൽ ക്ലിക്ക് ചെയ്യുക .അപ്പോൾ വരുന്ന Object Properties എന്ന വിൻഡോയിൽ Caption എന്നതിനു നേരെ Move me ! എന്ന് ടൈപ്പ് ചെയ്യുക .Show Label എന്നതിൽ ടിക് മാർക്ക് കൊടുത്ത് അതിനുനേരെ Caption സെലക്ട് ചെയ്ത് ക്ലോസ് ബട്ടൺ ക്ലിക്ക് ചെയ്യുക
20. ഒരു ബഹുഭുജത്തോടൊപ്പം Text ടൈപ്പ് ചെയ്യുവാൻ എന്തുചെയ്യണം ?
പത്താം ഗ്രൂപ്പിലെ Insert Text എന്ന ടൂൾ സെലക്ട് ചെയ്യുക .കാൻവാസിൽ ക്ലിക്ക് ചെയ്യുക അപ്പോൾ Text എന്ന വിൻഡോ വരും .അതിൽ Text ടൈപ്പ് ചെയ്യുക . OK യിൽ ക്ലിക്ക് ചെയ്യുക
21. ടൈപ്പ് ചെയ്ത Text ന്റെ വലുപ്പവും നിറവും മാറ്റുവാൻ എന്തുചെയ്യണം ?
Text സെലക്ട് ചെയ്ത് Right Click ചെയ്ത് Object Properties ൽ ക്ലിക്ക് ചെയ്യുക.അപ്പോൾ വരുന്ന Object Properties എന്ന വിൻഡോയിൽ Text എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക . വലുപ്പം ക്രമീകരിക്കുക . Color ബട്ടണിൽ ക്ലിക്ക് ചെയ്ത് അനുയോജ്യമായ നിറം സെലക്ട് ചെയ്യുക . ക്ലോസ് ബട്ടണിൽ ക്ലിക്ക് ചെയ്യുക .
22. ഒരു ത്രികോണത്തിന്റെ എല്ലാ ഉൾക്കോണുകളും ഒന്നിച്ച് മാർക്ക് ചെയ്യുന്നതിനുള്ള ഒരു രീതി നിർദ്ദേശിക്കുക
എട്ടാം ഗ്രൂപ്പിലെ Angle ടൂൾ സെലക്ട് ചെയ്ത് ത്രികോണക്ഷേത്രത്തിൽ ക്ലിക്ക് ചെയ്യുക

23. Text ടൂൾ ഉപയോഗിച്ച് ത്രികോണത്തിന്റെ ഉൾക്കോണുകൾ കുട്ടിയെഴുതുന്നതെന്നതെങ്ങനെ ?

അഞ്ചാം ഗ്രൂപ്പിലെ polygon ടൂൾ സെലക്ട് ചെയ്യുക . കാൻവാസിൽ ത്രികോണം വരക്കുക . ഓരോ ശീർഷകത്തിലും Right Click ചെയ്ത് Show label ബട്ടണിൽ ടിക് മാർക്ക് ഇടുക . എട്ടാം ഗ്രൂപ്പിലെ Angle ടൂൾ സെലക്ട് ചെയ്യുക ത്രികോണക്ഷേത്രത്തിൽ ക്ലിക്ക് ചെയ്യുമ്പോൾ എല്ലാ ഉൾക്കോണുകളുടെ അളവും വന്നിട്ടുണ്ടാകും .

പത്താം ഗ്രൂപ്പിലെ Insert Text Tool സെലക്ട് ചെയ്യുക .

ത്രികോണത്തിനടുത്ത് ക്ലിക്ക് ചെയ്യുക

അപ്പോൾ വരുന്ന ടെക്സ്റ്റ് എന്ന വിൻഡോയിൽ താഴെ പറയുന്നവ ടൈപ്പ് ചെയ്യുക

"A+B+C="+ a+β+Y)

OK ക്ലിക്ക് ചെയ്യുക

മൂന്ന് ഉൾക്കോണുകളുടേയും ആകെ തുക വന്നീട്ടുണ്ടാകും

1. ത്രികോണത്തിന്റെ ശീർഷകങ്ങൾ പതുക്കെ നീക്കി നോക്കു . എന്താണ് സംഭവിക്കുന്നത് ?

   ഉൾക്കോണുകളുടെ അളവ് വ്യത്യാസപ്പെടുന്നുണ്ടെങ്കിലും ആകെ ഉൾക്കോണുകളുടെ തുക 180 ഡിഗ്രിക്ക് വ്യത്യാസം സംഭവിക്കുന്നില്ല

24. ഒരു ചതുരം വരച്ച് ഉൾക്കോണുകളുടെ ആകെത്തുക Text ടൂൾ ഉപയോഗിച്ച് കണ്ടെത്തുന്നതെങ്ങനെ ?

നാലാം ഗ്രൂപ്പിലെ polygon ടൂൾ സെലക്ട് ചെയ്യുക . കാൻവാസിൽ ചതുർഭുജം വരക്കുക . ഓരോ ശീർഷകത്തിലും Right Click ചെയ്ത് Show label ബട്ടണിൽ ടിക് മാർക്ക് ഇടുക . എട്ടാംഗ്രൂപ്പിലെ Angle ടൂൾ സെലക്ട് ചെയ്ത് ചതുർഭുജത്തിന്റെ ശീർഷകത്തിൽ Clock wise ആയി click ചെയ്ത് ഓരോ ഉൾക്കോണിന്റേയും അളവ് കണ്ടെത്തുക

പത്താം ഗ്രൂപ്പിലെ Insert Text ടൂൾ സെലക്ട് ചെയ്ത് കാൻവാസിൽ ക്ലിക്ക് ചെയ്ത്

"A+B+C="+ a+β+Y + Γ ) എന്ന സമവാക്യം ടൈപ്പ് ചെയ്ത് കാൻവാസിൽ ക്ലിക്ക് ചെയ്യുക

25. ഒരു വരയുടെ നീളം Slider ഉപയോഗിച്ച് നിയന്ത്രിക്കുന്നതെങ്ങനെ ?

പത്താം ഗ്രൂപ്പിലെ Slider സെകട് ചെയ്യുക കാൻവാസിൽ ക്ലിക്ക് ചെയ്യുക Slider window വരും

അതിൽ min '0' വും max '5' ഉം കൊടുത്ത് apply യിൽ ക്ലിക്ക് ചെയ്യുക slider ന്റെ പേര് 'a' എന്ന് നോട്ട് ചെയ്യുക

മൂന്നാമത്തെ ഗ്രൂപ്പിലെ Segment with given length from point ൽ ക്ലിക്ക് ചെയ്യുക

കാൻവാസിൽ ക്ലിക്ക് ചെയ്യുക

തുടർന്നു വരുന്ന segment with given length from point എന്ന വിൻഡോയിൽ length നു താഴെ ‘a ' എന്നത് ( slider ന്റെ ) പേരു കൊടുക്കുക .ഇപ്പോൾ കാൻവാസിൽ രേഖാഖണ്ഡം വന്നിട്ടുണ്ടാകും .

slider ൽ Right click ചെയ്ത് Animation on എന്നതിൽ ടിക് മാർക്ക് കൊടുക്കുക

26. Angle with given size ൽ slider കണക്ട് ചെയ്യുന്നതെങ്ങനെ ?

പ്രസ്തുത ടൂൾ സെലക്ട് ചെയ്ത് കാൻവാസിൽ രണ്ടുപ്രാവശ്യം ക്ലിക്ക് ചെയ്യുക

അപ്പോൾ വരുന്ന വിൻഡോയിൽ Angle നു താഴെ Slider ന്റെ പേരു നൽകുക

OK ക്ലിക്ക് ചെയ്യുക

27. Regular Polygon ൽ slider കണക്ട് ചെയ്യുന്നതെങ്ങനെ ?

Regular Polygon സെലക്ട് ചെയ്ത് കാൻവാസിൽ രണ്ടുപ്രാവശ്യം ക്ലിക്ക് ചെയ്യുക .അപ്പോൾ വരുന്ന വിൻഡോയിൽ Points എന്നതിനു താഴെ slider ന്റെ പേരു നൽകുക . OK ക്ലിക്ക് ചെയ്യുക

28. കോണളവ് നിയന്ത്രിക്കുന്ന slider നിർമ്മിക്കുന്നതെങ്ങനെ ?

Slider സെലക്ട് ചെയ്ത് കാൻവാസിൽ ക്ലിക്ക് ചെയ്യുക .അപ്പോൾ വരുന്ന വിൻഡോയിൽ Angle സെലക്ട് ചെയ്ത് name നു താഴെ α എന്നാക്കുക

Apply യിൽ ക്ലിക്ക് ചെയ്യുക

മൂന്നാംഗ്രൂപ്പിലെ Segment between two points എന്ന ടൂൾ സെലക്ട് ചെയ്യുക

കാൻവാസിൽ ക്ലിക്ക് ചെയ്ത് രേഖാഖണ്ഡം വരക്കുക

എട്ടാം ഗ്രൂപ്പിലെ Angle with given size എന്ന ടൂൾ സെലക്ട് ചെയ്യുക

തുടർന്ന് രേഖാഖണ്ഡത്തിലെ രണ്ട് ബിന്ദുക്കളിലും ക്ലിക്ക് ചെയ്യുക

അപ്പോൾ Angle with given size എന്ന വിൻഡോ വരും

അതിൽ Angle നു താഴെ α കൊടുത്ത് ഒ കെ ക്ലിക്ക് ചെയ്യുക

തുടർന്ന് കോണിന്റെ ബിന്ദുവിൽ Right click ചെയ്ത് Trace on ൽ ടിക് മാർക്ക് കൊടുക്കുക

Slider ന്റെ അമിമേഷൻ ഓൺ ചെയ്യുക

ബിന്ദു ഒരു വൃത്തം വരക്കുന്നതുകാണാം

29. കാലഗണനക്കനുസരിച്ചുള്ള ഒരു Slider നിർമ്മിക്കുന്നതെങ്ങനെ ?OR AD 1700 മുതൽ 2000 വരെയുള്ള തുടർച്ചയായ വർഷങ്ങളിൽ മലയാളഭാഷയിലുണ്ടായ പ്രധാന സംഭവങ്ങളെ ചിത്രസഹിതം അവതരിപ്പിക്കുന്ന ഒരു Slider നിർമ്മിക്കുന്നതെങ്ങനെ ?

ആദ്യമായി ഓരോ വർഷങ്ങളിലുണ്ടായ സംഭവവികാസങ്ങളുമായി

ബന്ധപ്പെട്ട ചിത്രങ്ങൾ Desktop ലെ ഒരു ഫോൾഡറിൽ ശേഖരിക്കുക
തുടർന്ന് ജിയോജിബ്ര ജാലകം തുറന്ന് അതിൽ നമ്പർ Slider ഉൾപ്പെടുത്തുക (min 1700 ഉം max 2000 വും Increment 1 ഉം ആയി Apply കൊടുത്താണ് നിർമ്മിക്കേണ്ടത് )
തുടർന്ന് പത്താം ഗ്രൂപ്പിലെ Insert Image എന്ന ടൂൾ സെലക്ട് ചെയ്യുക
കാൻവാസിൽ ക്ലിക്ക് ചെയ്യുക
Open എന്ന വിൻഡോ വരും
അതിൽ കുഞ്ചൻ നമ്പ്യാരുടെ ചിത്രം സെലക്ട് ചെയ്ത് Open ചെയ്യുക
ചിത്രം കാൻവാസിൽ വന്നിട്ടുണ്ടാകും
അത് മൂവ് ടൂൾ ഉപയോഗിച്ച് അനുയോജ്യമായ സ്ഥലത്ത് ക്രമീകരിക്കുക
തുടർന്ന് ചിത്രത്തിൽ Right Click ചെയ്ത് Object Properties സെലക്ട് ചെയ്യുക
അപ്പോൾ Object Properties എന്ന വിൻഡോ വരും
അതിൽ Advanced എന്ന ബട്ടൺ സെലക്ട് ചെയ്ത് condition to show object എന്നതിനുതാഴെ a=1705 എന്ന് ടൈപ്പ് ചെയ്ത് ക്ലോസ് ചെയ്യുക
അതുപോലെതന്നെ , പത്താംഗ്രൂപ്പിലെ Insert Text എന്നടൂൾ സെലക്ട് ചെയ്യുക
കാൻവാസിൽ ക്ലിക്ക് ചെയ്യുക
അപ്പോൾ Text എന്ന വിൻഡോ വരും
അതിൽ കുഞ്ചൻ നമ്പ്യാരുമായി ബന്ധപ്പെട്ട വിവരങ്ങൾ ടൈപ്പ് ചെയ്യണം
ഒകെ ക്ലിക്ക് ചെയ്യുക
അപ്പോൾ കാൻവാസിൽ Text വന്നിട്ടുണ്ടാകും
അത് മൂവ് ടൂൾ ഉപയോഗിച്ച് അനുയോജ്യമായ സ്ഥലത്ത് ക്രമീകരിക്കുക
തുടർന്ന് പ്രസ്തുത Text ൽ Right Click ചെയ്ത് Object Properties സെലക്ട് ചെയ്യുക
അപ്പോൾ Object Properties എന്ന വിൻഡോ വരും
അതിൽ Advanced എന്ന ബട്ടൺ സെലക്ട് ചെയ്ത് condition to show object എന്നതിനുതാഴെ a=1705 എന്ന് ടൈപ്പ് ചെയ്ത് ക്ലോസ് ചെയ്യുക
ഇനി slider ന്റെ അനി,മേഷൻ ഓൺ ആക്കുക
slider 1705 ൽ എത്തുമ്പോൾ കുഞ്ചൻ നമ്പ്യാരുടെ ചിത്രവും വിവരണവും കാണാം
ഇതുപോലെ മറ്റ് വർഷങ്ങളിലെ ചിത്രവും വിവരണവും ചേർക്കുക

30. ഡൈലേഷൻ എന്ന പദത്തിന്റെ അർത്ഥമെന്ത് ?
    വലുതാക്കുക
31. ഡൈലേഷൻ ടൂളിന്റെ ഉപയോഗമെന്ത് ?
    ഒരു രൂപത്തെ നിശ്ചിത ബിന്ദുവിൽ നിന്നുള്ള ദൂരം അടിസ്ഥാനമാക്കി

വലുതാക്കുന്നതിന് ഈ ടൂൾ ഉപയോഗിക്കുന്നു

32. ഒരു വൃത്തത്തെ ഡൈലേറ്റ് ചെയ്ത് അതിന്റെ ഇരട്ടി രൂപത്തിലാക്കുന്നതെങ്ങനെ ?
    ആറാംഗ്രൂപ്പിലെ Circle with center through point എന്ന ടൂൾ സെലക്ട് ചെയ്യുക
    അത് ഉപയോഗിച്ച് കാൻവാസിൽ വൃത്തം വരക്കുക
    അമ്പതാം ഗ്രൂപ്പിലെ Dilate Object from point by factor എന്ന ടൂൾ സെലക്ട് ചെയ്യുക
    വൃത്തത്തിന്റെ പരിധിയിൽ ക്ലിക്ക് ചെയ്തശേഷം അതിന്റെ പുറത്ത് ക്ലിക്ക് ചെയ്യുക . അപ്പോൾ Dilate Object from point by factor എന്ന വിൻഡോ വരും .അതിൽ Number എന്നതിനു താഴെ 2 എന്ന് ടൈപ്പ് ചെയ്യുക ..ഒ കെ ക്ലിക്ക് ചെയ്യുക .അപ്പോൾ ഇരട്ടി വലുപ്പത്തിലുള്ള ഒരു വൃത്തം വന്നിട്ടുണ്ടാകും
33. ഒരു വൃത്തത്തെ അതിന്റെ കേന്ദ്രം ആധാരമാക്കി ഡൈലേഷൻ ടൂൾ ഉപയോഗിച്ച് ഇരട്ടി വലുപ്പത്തിലാക്കുന്നതെങ്ങനെ ?
    Circle with center through point എന്ന ടൂൾ ഉപയോഗിച്ച് വൃത്തം വരക്കുക .
    Dilate Object from point by factor എന്ന ടൂൾ സെലക്ട് ചെയ്യുക
    വൃത്തപരിധിയിൽ ക്ലിക്ക് ചെയ്യുക .വൃത്ത കേന്ദ്രത്തിൽ ക്ലീക്ക് ചെയ്യുക .
    അപ്പോൾ വരുന്ന വിൻഡോയിൽ 2 എന്ന് ടൈപ്പ് ചെയ്ത് ഒ കെ കൊടുക്കുക . ഇപ്പോൾ വൃത്തകേന്ദ്രത്തെ ആസ്പദമാക്കി ഇരട്ടി വലുപ്പത്തിലുള്ള വൃത്തം വന്നിട്ടുണ്ടായിരിക്കും
34. ഒരു ത്രികോണത്തെ മൂന്ന് ഇരട്ടി വലുപ്പത്തിൽ ഡയലേറ്റ് ചെയ്യുന്നതെങ്ങനെ ?
    Polygon ടൂൾ ഉപയോഗിച്ച് ത്രികോണം വരക്കുക . Dilate Object from point by factor എന്ന ടൂൾ സെലക്ട് ചെയ്യുക . ത്രികോണക്ഷേത്രത്തിൽ ക്ലിക്ക് ചെയ്യുക .. ത്രികോണത്തിനു പുറത്ത് ക്ലിക്ക് ചെയ്യുക . അപ്പോൾ വരുന്ന വിൻഡോയിൽ നമ്പറിനു താഴെ 3 എന്ന് ടൈപ്പ് ചെയ്ത് ഒ കെ കൊടുക്കുക ( ത്രികോണത്തിന്റെ വശത്തിൽ മാത്രം ക്ലിക്ക് ചെയ്ത ഡൈലേറ്റ് ചെയ്താൽ വശം മാത്രം ഡൈലേറ്റ് ചെയ്യുകയുള്ളൂ )
35. ഒരു ചതുർഭുജത്തെ മൂന്ന് ഇരട്ടി വലുപ്പത്തിൽ ഡൈലേറ്റ് ചെയ്യുന്നതെങ്ങനെ ?
    Regular Polygon ടൂൾ ഉപയോഗിച്ച് ഒരു ചതുർഭുജം നിർമ്മിക്കുക .Dilate Object from point by factor എന്ന ടൂൾ സെലക്ട് ചെയ്യുക . ചതുർഭുജത്തിനുള്ളിൽ ക്ലിക്ക് ചെയ്യുക .
    അപ്പോൾ വരുന്ന വിൻഡോയിൽ 3 എന്ന് ടൈപ്പ് ചെയ്ത് ഓ കെ കൊടുക്കുക ചതുർഭുജം മൂന്ന് ഇരട്ടി വലുപ്പത്തിൽ വന്നിട്ടുണ്ടാകും

( ചതുർഭുജത്തിന്റെ കാര്യത്തിലും വശങ്ങളിൽ ക്ലിക്ക് ചെയ്ത് ഡയലേറ്റ് ചെയ്താൽ വശം മാത്രം വലുതായി കാണുവാൻ കഴിയുകയുള്ളൂ )

36. ഡൈലേഷൻ ഫാക്ടർ a ആണെങ്കിൽ a യുടെ വില 2 ആയി ഡൈലേറ്റ് ചെയ്താൽ രൂപം എങ്ങനെ എങ്ങനെയായിരിക്കും ?

    രൂപത്തിന്റെ വലുപ്പം ഇരട്ടിയാകും

37. a യുടെ വില 0.5 ആയാലോ ?

    രൂപത്തിന്റെ വലുപ്പം പകുതിയാകും

38. a യുടെ വില 1 ആയാലോ ?

    രൂപത്തിന് വ്യത്യാസം ഉണ്ടാകുകയില്ല

39. a യുടെ വില 0.25 ആയാലോ ?
40. രൂപത്തിന്റെ വലുപ്പം കാൽ ഭാഗം മാത്രമായിരിക്കും
41. a യുടെ വില 0.75 ആയാലോ ?

    രൂപത്തിന്റെ വലുപ്പം മുക്കാൽ ഭാഗം മാത്രമായിരിക്കും

42.